(b) റൂളിംഗ്

മി. സ്പീക്കർ : ഇതിൽ 74-ാം ചട്ടപ്രകാരം വിശദമായ ഒരു മെമ്മോറാണ്ടം കൊടുക്കണം. അതാണ് ശരിയായിട്ടുള്ള നടപടിക്രമം. ഇതിനുമുമ്പ് സർക്കുലേറ്റു ചെയ്ത ബില്ലിൽ അത് ഉണ്ടായിരുന്നു. ഇപ്പോൾ മന്ത്രിയുടെ വിശദീകരണത്തിന്റെ വെളിച്ചത്തിൽ ഉണ്ടായ സംഭവം, ഇതു അതിന്റെ ഒരു തുടർച്ചയാണ് എന്നുള്ള നിലയ്ക്ക് എഴുതണം. പക്ഷേ എന്തായാലും സ്ട്രിക്ടായി. റൂൾ പ്രകാരം പറയുകയാണെങ്കിൽ ചെയറിന്റെ ഒരു അഭിപ്രായം, ആ വിശദീകരണം കൂടി ഉണ്ടാകുന്നതായിരിക്കും നല്ലത്. അതേ സമയത്ത് അതും ഇല്ലീഗലോ ഫേറ്റലോ ആയിട്ടുള്ള ഒന്നാണെന്ന് ചെയർ കരുതുന്നില്ല. റൂൾ 75 (1) പ്രകാരം മെമ്പർ പറഞ്ഞ കാര്യം ശരിയാണ്. പക്ഷേ (2)-ൽ തന്നെ അതിന്റെ സ്റ്റേറ്റുമെന്റ് സർക്കുലേറ്റ് ചെയ്യാനുള്ള വകുപ്പുണ്ട്. ഞാൻ മനസ്സിലാക്കിയിടത്തോളം സർക്കുലേറ്റ് ചെയ്യാൻ അത് ഇവിടെ എത്തിയിട്ടുണ്ട്. അതുകൊണ്ട് കൃത്യമായി പറഞ്ഞാൽ ശ്രീ. എം. വി. ജയരാജൻ ഉന്നയിച്ച പ്രശ്നത്തിൽ തീരെ കഴമ്പില്ലെന്ന് പറയാൻ വയ്യ. രണ്ട് ബില്ലുകൾ തുടർച്ചയായി കൊടുത്തതിന്റെ പശ്ചാത്തലത്തിൽ, പ്രത്യേക സാഹചര്യത്തിൽ മെമ്മോറാണ്ടം ഇതിൽക്കൂടി ചേർക്കാത്തത് ഒരു നിയമവിരുദ്ധമായതോ അല്ലെങ്കിൽ നിയമം ഇൻഫ്രിഞ്ചുചെയ്യുന്നതിന് വിഘാതം സൃഷ്ടിക്കുന്നതോ ആയ ഒരു സാഹചര്യമില്ല എന്നതിന്റെ അടിസ്ഥാനത്തിൽ ഈ ക്രമപ്രശ്നം നിലനിൽക്കുന്നതല്ല.

നിയമനിർമ്മാണകാര്യം (തുടർച്ച)

വിദ്യാഭ്യാസവകുപ്പുമന്ത്രി ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ: ഈ നിയമത്തെ സംബന്ധിച്ച് വിശദീകരിച്ച് പറയാൻ ആഗ്രഹിക്കുന്നില്ല. കേരളത്തിലെ മറ്റ് യൂണിവേഴ്സിറ്റികളിൽനിന്നും വ്യത്യസ്തമായി ഈ യൂണിവേഴ്സിറ്റിയിൽ മാത്രം ഉണ്ടായിരുന്ന സംഗതിയാണ് ഡീൻ സാലറീഡായിട്ടുള്ളതാണെന്നുള്ളത്. മാത്രമല്ല യൂണിവേഴ്സിറ്റി നിയമത്തിൽത്തന്നെയുള്ള സംഗതിയെന്ന് പറയുന്നത്, ഡീനുകൾ എല്ലാംതന്നെ സിൻഡിക്കേറ്റ് അംഗങ്ങൾ ആയിത്തീരുമെന്നുള്ളതാണ്. ശരിക്ക് പറഞ്ഞാൽ ഇതൊരു ചെറിയ യൂണിവേഴ്സിറ്റിയാണ്. ഇതിൽ സാലറീഡായിട്ട് ആറ് ഡീന്മാർ നിൽക്കേണ്ട കാര്യമില്ലെന്ന് ബോദ്ധ്യപ്പെട്ടു. അതുകൊണ്ട് ഡീൻ ഓഫ് റൊട്ടേഷൻ. സാലറീഡല്ലാതെ ഓണറേറിയം എന്ന നിലയിൽ കൊടുത്തുകൊണ്ട് പ്രിൻസിപ്പൽ ഡീൻ ഓഫ് സ്റ്റഡീസിനെ നിയമിച്ചാൽ മതിയാകും. എല്ലാ യൂണിവേഴ്സിറ്റികളിലും അങ്ങനെയാണ്. അതുകൊണ്ട് ഈ യൂണിവേഴ്സിറ്റിയിലും അത് ചെയ്യുന്നതിന്റെ ഫലമായി രണ്ട് കാര്യങ്ങളാണ് നടക്കുന്നത്. ഒന്ന് സാമ്പത്തിക ബാദ്ധ്യത കുറയും. രണ്ട് പോസ്റ്റിന്റെ ഡിഗ്നിറ്റി എന്ന് പറയുന്നത്, ശമ്പളം വാങ്ങുന്ന ആൾ ഡീനായി നിൽക്കുന്നതിനുപകരം മറ്റെല്ലാ യൂണിവേഴ്സിറ്റികളിലും ഉള്ളതുപോലെ ഓണറേറിയത്തിലേയ്ക്ക് പോകും. സാലറീഡായിട്ടുള്ള ആറ് സ്ഥിരം ഡീനിനെ നിയമിക്കുന്നതിനുപകരം ഓണറേറിയം മാത്രം വാങ്ങുന്ന ആളുകളായി മാറുന്നു. അതാണ് ഇതിന്റെ ഒരു സംഗതി. ഈ നിയമം ആദ്യമായി നിയമസഭയിൽ ഞാൻ മന്ത്രിയായിരുന്ന 1994-ലാണ് കൊണ്ടുവന്നത്. ഇത്രയുംകാലത്തെ എക്സ്പീരിയൻസ്വച്ചുകൊണ്ട് ഈ നിയമത്തിൽ എന്ത് മാറ്റം വേണമെന്നുള്ളത് പല ഘട്ടങ്ങളിലായി ചർച്ച ചെയ്തു. ഇപ്പോൾ ഒരു നിയോഗമായിട്ടുതന്നെ അതിന്റെ ഭേദഗതികളും അവതരിപ്പിക്കേണ്ടിവന്നിരിക്കുകയാണ്. പട്ടികജാതി-പട്ടികവർഗ്ഗ പ്രാതിനിധ്യം ഈ നിയമപ്രകാരം ഈ യൂണിവേഴ്സിറ്റിയിൽ ഉറപ്പുവരികയാണ്. വളരെ മൗലികമായ

LIBRARY ARCHIVES Kerala Legislative Assembly